# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 3257.                                        21..12..2012-ൽ മറുപടിക്ക്

## പാൽ ഉദ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ് :<br>" റ്റി.യു. കുരുവിള : | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും ഓരോ മാസവും മിൽമ വാങ്ങുന്ന പാലിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും മിൽമ കഴിഞ്ഞ മൂന്നു മാസങ്ങളായി വാങ്ങിയ പാലിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| സെപ്റ്റംബർ | 1,20,11,928 കി .ഗ്രാം |
| ഒക്ടോബർ | 1,09,31,947 കി .ഗ്രാം |
| നവംബർ | 93,90,164 കി .ഗ്രാം |
| ഡിസംബർ (13..12..2012 വരെ) | 42,03,254 കി .ഗ്രാം |

(ബി) ഇപ്രകാരം വാങ്ങുന്ന പാലിന്റെ വില നിലവാരവും ഗുണമേന്മയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മിൽമ പാൽ വാങ്ങുന്നത് കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ സഹകരണ ഫെഡറേഷനുകളിൽ നിന്നും ആന്ധ്രാപ്രദേശിലെ മദർ ഡയറിയുടെ ബാലാജി ഡയറിയിൽ നിന്നുമാണ്. ഈ ഡയറികൾ എല്ലാം തന്നെ കർശനമായ ഗുണനിലവാര സംവിധാനങ്ങൾ പാലിക്കപ്പെടുന്ന ഡയറികളാണ്. ഇതിനുപുറമേ ഇങ്ങനെ വാങ്ങുന്ന പാൽ മിൽമ ഡയറികളിൽ വീണ്ടും കർശന ഗുണ നിലവാര പരിശോധന നടത്തിയതിനു ശേഷമാണ് സ്വീകരിക്കുന്നത്.

| | |
|---|---|
| | കർണ്ണാടക ഫെഡറേഷനുകളുടെ ഡയറിയിൽ നിന്നും 3.5% കൊഴുപ്പും 8.5% എസ്.എൻ.എഫും ഗുണനിലവാരമുള്ള പാലിന് കി.ഗ്രാമിന് 21.00 രൂപയും, തമിഴ്നാട് ഫെഡറേഷനിൽ നിന്നും മൊത്തം ഖരപദാർത്ഥങ്ങൾക്ക് കി.ഗ്രാമിന് 183 രൂപ, (അതായത് പാലിന് കി.ഗ്രാമിന് 21.96 രൂപയും,) ബാലാജി ഡയറിയിൽ നിന്നും 28-30% ഖരപദാർത്ഥമായി കോൺസൺട്രേറ്റ് ചെയ്ത പാലിന് കി.ഗ്രാം ഖരപദാർത്ഥങ്ങൾക്ക് 181.41 രൂപ (അതായത് പാലിന് കി.ഗ്രാമിന് 21.77 രൂപയും) ആണ് മിൽമ നൽകുന്നത്. |
| (സി) പാൽ ഉല്പ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) ക്ഷീര വികസന വകുപ്പ് നടപ്പു സാമ്പത്തിക വർഷം തീറ്റപ്പുൽ കൃഷി വികസന പദ്ധതി ഇനത്തിൽ അഞ്ചു കോടി രൂപയുടെയും - Rural Dairy Extension and Advisory പദ്ധതിയിൽ ഉൾപ്പെടുത്തി കർഷക സമ്പർക്ക പരിപാടി , പാൽ ഗുണ നിയന്ത്രണ ബോധവത്ക്കരണ പരിപാടി . ജില്ലാ ബ്ലോക്ക് ക്ഷീരോത്സവങ്ങൾ മുതലായവ നടത്തുന്നതിനായി 2.35 കോടി രൂപയുടെയും എം.എസ്.ഡി.പി പദ്ധതി പ്രകാരം ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ആവശ്യാധിഷ്ഠിത ധന സഹായം, കാലി തൊഴുത്ത്, കറവയന്ത്രം, കന്നുകുട്ടി ദത്തെടുക്കുന്ന പദ്ധതി എന്നിവയ്ക്കായി 13 കോടി രൂപയുടെയും കർഷകർക്ക് കാലിത്തീറ്റ ധനസഹായം നൽകുന്നതിനായി ആറുകോടി രൂപ യുടെയും പാൽ ഗുണനിയന്ത്രണം ശക്തിപ്പെടുത്തുന്നതിന് 15 ലക്ഷം രൂപയുടെയും ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എഫ്.എസ്.എസ്.എ പ്രകാരമുള്ള ഗുണ നിയന്ത്രണ പരിപാടി ആവിഷ്കരിക്കുന്നതിനും വേണ്ടി 13 കോടി രൂപയുടെയും പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. |

പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികളിൽ മിൽമയുടെ 2 കാലിത്തീറ്റ ഫാക്ടറികളിൽ നിന്നും ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ഉല്പാദനവും വിതരണവും, ഡയറി ഫാമുകൾ വികസിപ്പിക്കുന്നതിനുള്ള സഹായം. കന്നുകുട്ടി പരിപാലന പരിപാടി. കാലിത്തീറ്റ സബ്സിഡി, അധിക പാൽവില നൽകൽ എന്നീ പദ്ധതികൾ മിൽമ നടപ്പിലാക്കുന്നുണ്ട്. ഇതിന് പുറമേ കേന്ദ്ര പദ്ധതികളായ ഇന്റൻസീവ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ ഇടുക്കി പാക്കേജ് എന്നീ പദ്ധതികളും സംസ്ഥാനത്ത് മിൽമ വഴി നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ ഉല്പാദനചിലവ് വർദ്ധിക്കുന്നതനുസരിച്ച് പാലിന് വില വർദ്ധിപ്പിച്ച് നൽകാറുമുണ്ട്.

(ഡി) വേനൽക്കാലത്ത് പാൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നു വ്യക്തമാക്കുമോ ?

വേനൽക്കാലത്ത് ആഭ്യന്തര സംഭരണം കുറയുകയും പാലിന്റെ ആവശ്യകത വർദ്ധിക്കുകയും ചെയ്യും എന്നതിനാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും കൂടുതൽ പാൽ എത്തിച്ച് വിതരണം ചെയ്യുക എന്നുള്ളതാണ് പരിഹാരമാർഗ്ഗം. മിൽമ ഇപ്പോൾ [illegible] കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ സഹകരണ ഫെഡറേഷനുകളുമായും ആന്ധ്രാപ്രദേശിലെ ബാലാജി ഡയറിയുമായും അടുത്ത വർഷം മെയ് 31 വരെ പാൽ വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് പ്രതിദിനം ഏകദേശം 3.5 ലക്ഷം ലിറ്റർ. പാൽ ഈ സംസ്ഥാനങ്ങളിൽ നിന്നും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇങ്ങനെ പാൽ ലഭിക്കുന്നത് ഉപയോഗപ്പെടുത്തി ആഭ്യന്തര സംഭരണത്തിലെ കുറവ് നികത്താനും മിൽമ പാലിന്റെ ആവശ്യകത നേരിടാനുമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ